TB Movie Panel Weekly Review

**#MoviePanel**

പ്രിയൻ ഓട്ടത്തിലാണ്

Written By: Sudhy Sj

നിങ്ങൾ ഒരു Yes വ്യക്തി ആണോ,
അല്പംകൂടെ വിശദമാക്കിയാൽ, നിങ്ങളോട് ആര് എന്ത് പറഞ്ഞാലും ഒരു No പറയാൻ പറ്റാത്ത, ആളെ നോക്കാതെ, കീശയുടെ കനം നോക്കാതെ ആണാണോ പെണ്ണാണോ ബന്ധുവാണോ മിത്രമാണോ ശത്രുവാണോ എന്നൊന്നും നോക്കാതെ എല്ലാർക്കും എന്തിനും കേറിവരാനുള്ള , മറ്റുള്ളോരടെ തെറ്റുകൾ സ്വയം തലേൽ എടുത്തു വെച്ച് എല്ലാം നല്ല രീതിക്ക് മുന്നോട്ടു പോയാൽ മതി എന്ന് ചിന്തിക്കുന്ന ഒരു സാധാ മലയാളി ആണോ? ഹാ ഒന്ന് മറന്നു, ആ ഓട്ടങ്ങൾക്കിടയിൽ സ്വന്തം കാര്യങ്ങളുടെ താളമൊക്കെ അവതാളം ആവുന്ന ഒരാൾ കൂടെ ആണേൽ, ഒന്നും നോക്കണ്ട ആ ഓടുന്ന പ്രിയൻ ഇല്ലേ, അത് നിങ്ങളും കൂടെയാണ്. ആ മിസ്റ്റർ പ്രിയൻ, പ്രിയദർശൻ ഓടുന്നത് നിങ്ങളുടെ കാലുകൾ കൊണ്ടാണ്.

ഗ്രാമത്തിൽ ജനിച്ചു വളർന്ന, സിനിമയെ സ്നേഹിക്കുന്ന പ്രിയൻ ജീവിതത്തിൽ എത്തിപ്പെടുന്നത് ഹോമിയോ ഡോക്ടറുടെ കുപ്പായത്തിലാണ്. പക്ഷെ പണ്ടെങ്ങോ കേട്ടുമറന്ന ഒരു പരസ്യ വാചകം പോലെ " one man many roles" എന്നതാണ് പ്രിയൻ ഇവിടെ. പുള്ളി ഡോക്ടർ ആണ്, എന്നും പ്രശ്നങ്ങൾ തീരാത്ത ഒരു ഫ്ലാറ്റിന്റെ സെക്രട്ടറിയാണ്, കഥാകാരൻ ആണ് ഇതൊന്നും കൂടാതെ വഴിയിൽ കൂടെ പോകുന്ന വള്ളികൾ ഓരോന്നും തേടിവരുന്ന ചാഞ്ഞമരം കൂടെയാണ്. അതിൽ വരുന്ന ഓരോ വിഷയങ്ങളിലൂടെയും സിനിമ മുന്നോട്ട് പോകുന്നു. സ്ക്രീനിൽ അധികം ഇല്ലേലും ബിജു സോപാനം അവതരിപ്പിച്ച കഥാപാത്രം വളരെ മനോഹരമായിത്തന്നെ പ്രേക്ഷകരെ ചിരിപ്പിച്ചുകൊണ്ട് അല്പമെങ്കിലും ചിന്തിപ്പിക്കുന്നും ഉണ്ട്.

സിനിമയുടെ പ്രധാനതന്തു ഒരു ഒറ്റദിവസത്തെ ഓട്ടം ആണെങ്കിലും ആ ദിവസത്തെക്കുള്ള സാഹചര്യങ്ങൾ വളരെ മനോഹരമായി അവതരിപ്പിച്ചു കൊണ്ട് സിനിമ മുന്നോട്ട് പോകുന്നു. സിനിമയിൽ ഉടനീളം കാണുന്ന പ്രേക്ഷകർക്ക് , 'ഹാ ഇത് ഞാൻ തന്നെ അല്ലെ, ഞാൻ ആണെങ്കിലും ഇത് തന്നെ അല്ലെ ചെയ്യുന്നേ' എന്നൊരു ആത്മഗതം ഇടക്കിടെ വരുന്നെങ്കിൽ വലിയ അതിശയം ഇല്ല. സിനിമ demand ചെയുന്ന സാഹചര്യങ്ങൾ പലതും, മറ്റുപല രൂപങ്ങളിൽ, നമ്മൾ കടന്നുപോയവ ആവാം.

പതിഞ്ഞ താളത്തിൽ തുടങ്ങിയ നൈല ഉഷ കഥാപാത്രം വളരെ ശക്തമായി, രസകരമായി, ബോൾഡ് ആയി പിന്നീട് അവസാനം വരെയും കാണാം.

പ്രിയൻ ഒരു നാരങ്ങാ സ്പൂൺ മത്സരം ആണ്, അവിടെ അയാൾ ജയിക്കാൻ അല്ല നോക്കുന്നത്, ചുറ്റും എന്തൊക്കെ സംഭവിച്ചാലും അയാൾ തനിക്കുള്ളതിനെ സംരക്ഷിച്ചുകൊണ്ടേ ഇരിക്കുന്നു. പോകുന്ന വഴി അയാൾ ചവിട്ടുന്ന കല്ലുകളും

മുള്ളുകളും അയാളുടെ മാത്രം വേദന ആവാം, പക്ഷെ അതും അയാൾക്ക് മധുരമാണ്, കാരണം അവിടെ അയാളുടെ ശ്രദ്ധയും താൽപര്യവും അയാളെ ആശ്രയിക്കുന്നവരുടെ സന്തോഷവും സമാധാനവും മാത്രമാണ്.